# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒാക്ടോബർ 2**

---

## എം.ജി സർവകലാശാലയിൽ ഗാന്ധിജയന്തി ആഘോഷിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാന്ധി ജയന്തി ദിനാഘോഷം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചനയും ഹാരാർപ്പണവും നടത്തിയ അദ്ദേഹം ഗാന്ധിജയന്തി ദിന സന്ദേശം നൽകി.*

*സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലമെൻറൽ സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ്, ഗാന്ധിജയന്തി ദിനാധഘോഷത്തിന്റെ കോ-ഓർഡിനേറ്റർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. രാജേഷ് മണി, ഡോ.എം.വി. ബിജുലാൽ, മെഡിക്കൽ കോളജ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക ലിജി, വിദ്യാർഥി ജാസിർ എന്നിവർ സംസാരിച്ചു.*

*പരിപാടിയുടെ ഭാഗമായി ഗാന്ധിഭജൻ, മെഡിക്കൽ കോളജ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെയും അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളിലെയും വിദ്യാർഥികൾ പങ്കെടുത്ത ഗാന്ധി സന്ദേശ യാത്ര എന്നിവയും നടന്നു.*

ഫോട്ടോ ക്യാപ്ഷൻ..

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാന്ധി ജയന്തി ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു.*

*(പി.ആർ.ഒ/39/886/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ